ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി) ബാധകമല്ല.

കാർഷികാവശ്യത്തിനുള്ള കണക്ഷൻ ഭൂപരിധി

7 [3144] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിന് മുൻഗണനാടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് നഗരപ്രദേശങ്ങളിൽ ഭൂപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര സെന്റാണെന്ന് അറിയിക്കുമോ;

(സി ഏതെല്ലാം കാർഷിക വിളകളെയാണ് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഈ പരിധിയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ, ബി) ഇല്ല.

(സി) എല്ലാ കാർഷിക വിളകൾക്കും.

(ഡി, ഇ) പ്രസക്തമല്ല.

ബോർഡിന്റെ താരിഫ് നിർണ്ണയം സംബന്ധിച്ച് ഗവൺമെന്റിന്റെ നയം

8 [3145] പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. എ. സുജനപാൽ:
,, ഡൊമിനിക് പ്രസന്റേഷൻ:
,, വി. ജെ. പൗലോസ്:
,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ താരിഫ് നിർണ്ണയം സംബന്ധിച്ച ഗവൺമെന്റിന്റെ നയം എന്താണെന്ന് പറയുമോ;

(ബി) കാലാകാലങ്ങളിൽ താരിഫ് റേറ് വർദ്ധിപ്പിക്കുന്നതിന് പകരം ഒരു നിശ്ചിത കാലത്തേക്ക് വൈദ്യുതി ബോർഡിന്റെ താരിഫ് വർദ്ധിപ്പിക്കുന്ന സമ്പ്രദായം ഏർപ്പെടുത്തുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം താരിഫ് നിർണ്ണയം ചെയ്യണമെന്ന് വൈദ്യുതി ബോർഡ് ആവശ്യപ്പെടുകയുണ്ടായി എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ താരിഫ് പുനർനിർണ്ണയം ചെയ്തപ്പോഴെല്ലാം പ്രതീക്ഷിച്ച തോതിൽ വരുമാനം ഉയർന്നുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനാൽ താരിഫ് സംബന്ധിച്ച തീരുമാനമെടുക്കേണ്ടത് റഗുലേറ്ററി കമ്മീഷനാണ്.

(ബി) ഈ വിഷയം വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ പരിധിയിൽ വരുന്നതാണ്.

(സി) രണ്ട് പ്രാവശ്യം.

(ഡി) പ്രതീക്ഷിച്ച തോതിൽ വരുമാനം വർദ്ധിച്ചിട്ടുണ്ട്.

ചൈനീസ് പ്രതിനിധികളുടെ സംസ്ഥാന സന്ദർശനം

9 [3146] ശ്രീ. വി. ഡി. സതീശൻ:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. എ. കെ. മണി:
,, എം. പി. ഗംഗാധരൻ:
,, എ. കെ. പോൾസൺ മാസ്റ്ററർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നത് സംബന്ധിച്ച് ചൈനീസ് ഗവൺമെന്റിന്റെ പ്രതിനിധികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവരുമായി എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്തു;

(സി) അവർ എന്തെല്ലാം സഹായങ്ങൾ വാഗ്ദാനം ചെയ്തു എന്ന് വെളിപ്പെടുത്തുമോ;

(ഡി) ചെറുകിട ജലസേചന പദ്ധതികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ചൈനയുടെ സഹായമോ സഹകരണമോ ലഭിക്കാതെ വന്നിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചൈനയിലെ എച്ച്. ഐ. സി./ഐ.എൽ. എസ്. എച്ച്. പി. -യുടെ പ്രതിനിധികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട്.

(ബി) കേരളത്തിൽ നടപ്പാക്കുവാൻ സാദ്ധ്യമാകുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്ലാനിംഗ് ആൻഡ് ഡിസൈൻ, സപ്ലൈ ആൻഡ് ഇറക്ഷൻ, ടെസ്റ്റിംഗ് ആൻഡ് കമ്മീഷനിംഗ്, ഓൺസൈറ്റ് കൺസൽട്ടൻസി തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തു.

(സി) നാല് പൈലറ്റ് പദ്ധതികളുടെ ഡിസൈൻ, പദ്ധതികൾക്കാവശ്യമായ ഇലക്ട്രോ-മെക്കാനിക്കൽ ഉപകരണങ്ങളുടെ സപ്ലൈ, മെഷീനുകളുടെ ഇറക്ഷൻ, ഓൺസൈറ്റ് കൺസൾട്ടൻസി സർവ്വീസ് എന്നിവ എച്ച്. ഐ. സി./ഐ. എൽ. എസ്. എച്ച്. പി. എന്ന കമ്പനിയിൽനിന്നും വിലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly